(ഡി, ഇ) തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള കരാർ അനുസരിച്ചാണ് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. അതിനാൽ അക്കൂട്ടത്തിൽ വരുമാനം കുറഞ്ഞ സർവ്വീസുകളുടെ കാര്യത്തിൽ എന്താണ് ചെയ്യേണ്ടത് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

മലയോര പ്രദേശങ്ങളിൽ നീളം കുറഞ്ഞ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം

261 [575] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊൻമുടിയിൽ സർവ്വീസ് നടത്തുന്നതുപോലെ നീളം കുറഞ്ഞ ബസ്സുകൾ ഇടുക്കി റൂട്ടുകളിലെ മലയോരപ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ ഷോർട്ട് വീൽബേസ് വണ്ടികളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഡ്രൈവിംഗ് ലൈസൻസുകൾ

262 [576] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഡ്രൈവിംഗ് ലൈസൻസുകൾക്ക് കേരളത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതെന്താണ്;

(സി) കേരളത്തിൽ വ്യാജലൈസൻസ് സാർവ്വത്രികമായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ലൈസൻസുകൾ കണ്ടുപിടിക്കുന്നതിനും നിരോധിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി, ഡി) വ്യാജ ഡ്രൈവിംഗ് ലൈസൻസുകൾ കേരളത്തിൽ നിലവിലുള്ളതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ട്രാൻസ്പോർട്ടു കമ്മീഷണർ എല്ലാ ലൈസൻസിംഗ് അതോറിറ്റികൾക്കും അപ്രകാരമുള്ള ലൈസൻസുകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ അവയുടെ അഡ്രസ് മാറ്റം, പുതുക്കൽ, ഡ്യൂപ്ലിക്കേറ്റ് നൽകൽ മുതലായവ ചെയ്യാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ബി, സി, ഡി എന്നിവയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly